പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 62 — 03.12.2014 ലെ മറുപടിക്ക്

## പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഭവനരഹിതർക്ക് ഭൂമി വാങ്ങുന്നതിനുള്ള ധനസഹായം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ഐ.സി. ബാലകൃഷ്ണൻ<br>ശ്രീ. വി.പി. സജീന്ദ്രൻ<br>ശ്രീ.അൻവർ സാദത്ത്<br>ശ്രീ. റ്റി.എൻ പ്രതാപൻ | | ശ്രീ. എ.പി.അനിൽ കുമാർ<br>(പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) | |
| (എ) | പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഭവനരഹിതർക്ക് ഭൂമി വാങ്ങുന്നതിനായി ധനസഹായം നൽകുന്ന പദ്ധതി പ്രകാരം എത്ര രൂപയാണ് ഒരാൾക്ക് നല്കിവരുന്നത് ; വിശദമാക്കാമോ ; | (എ) | പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഭൂരഹിതർക്ക് ഭൂമി വാങ്ങുന്നതിനായി ഗ്രാമപ്രദേശങ്ങളിൽ 5 സെന്റ് ഭൂമി വാങ്ങുന്നതിന് സെന്റിന് 75000 രൂപാ നിരക്കിൽ 3.75 ലക്ഷം രൂപയും മുനിസിപ്പാലിറ്റിയിൽ 3 സെന്റ് ഭൂമി വാങ്ങുന്നതിന് സെന്റിന് 1.5 ലക്ഷം രൂപാ നിരക്കിൽ 4½ ലക്ഷം രൂപയും , കോർപ്പറേഷൻ പ്രദേശങ്ങളിൽ 3 സെന്റ് ഭൂമി വാങ്ങുന്നതിന് സെന്റിന് 2 ലക്ഷം രൂപാ നിരക്കിൽ 6 ലക്ഷം രൂപയുമാണ് നല്കിവരുന്നത്. |
| (ബി) | മുൻ സർക്കാരിന്റെ കാലത്ത് എത്ര രൂപയാണ് നല്കി വന്നിരുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ഭൂരഹിത പുനരധിവാസ പദ്ധതി പ്രകാരം പട്ടികജാതിക്കാർക്ക് വീട് വെയ്ക്കുന്നതിനുള്ള ഭൂമി വാങ്ങുന്നതിന് നൽകിയിരുന്ന ധനസഹായം ഗ്രാമപഞ്ചായത്തുകളിൽ 75,000/- രൂപയും മുനിസിപ്പാലിറ്റികളിൽ 90,000/- രൂപയും കോർപ്പറേഷനുകളിൽ 1 ലക്ഷം രൂപയും വീതമായിരുന്നു.<br>പട്ടികജാതിയിലെ ദുർബ്ബല വിഭാഗങ്ങളിൽപ്പെട്ടവർക്ക് ഭൂമി വാങ്ങുന്നതിനായി നല്കിവന്നിരുന്ന ധനസഹായം 1.25 ലക്ഷമായിരുന്നു. |
| (സി) | ഈ തുക അപര്യാപ്തമാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ : വിശദമാക്കുമോ; | (സി) & ഡി) | ഭൂമിയുടെ വിലക്കയറ്റം കണക്കിലെടുക്കുമ്പോൾ ഭൂമി വാങ്ങുന്നതിനായി നല്കിവന്നിരുന്ന തുക അപര്യാപ്തമാണെന്ന് ശ്രദ്ധയിൽപ്പെട്ടതിനാൽ ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 2011 ആഗസ്റ്റിൽ ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ പ്രദേശങ്ങളിൽ യഥാക്രമം 1 ½ ലക്ഷം രൂപ, 1.75 ലക്ഷം രൂപ, 2 ലക്ഷം രൂപ എന്നിങ്ങനെ വർദ്ധിപ്പിക്കുകയുണ്ടായി. തുടർന്ന്, മുനിസിപ്പാലിറ്റികളിൽ ഭൂമി വാങ്ങുന്നതിനുള്ള ധനസഹായം 1.75 ലക്ഷത്തിൽ നിന്ന് 2 ലക്ഷമായും കോർപ്പറേഷനുകളിൽ 2 ലക്ഷം രൂപയിൽ നിന്ന് 3 ലക്ഷമായും 2013 സെപ്റ്റംബറിൽ വർദ്ധിപ്പിച്ചിരുന്നു.<br>പട്ടികജാതിയിലെ ദുർബ്ബല വിഭാഗങ്ങളിൽപ്പെട്ടവർക്ക് ഭൂമി വാങ്ങുന്നതിനായി |
| (ഡി) | ഉണ്ടെങ്കിൽ എത്ര രൂപയാണ് വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നത് ? | | |

നൽകി വന്നിരുന്ന ധനസഹായം 1.25 ലക്ഷത്തിൽ നിന്നും 2.5 ലക്ഷമായി 2012 ഫെബ്രുവരിയിൽ വർദ്ധിപ്പിച്ചിരുന്നു.

തുടർന്ന് 2014 ഒക്ടോബറിൽ ഗ്രാമ പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ പ്രദേശങ്ങളിൽ യഥാക്രമം 3.75 ലക്ഷം, 4.50 ലക്ഷം, 6 ലക്ഷം രൂപ വീതമായി വർദ്ധിപ്പിച്ചിട്ടുണ്ട്.

ഇതോടൊപ്പം പട്ടികജാതിയിലെ ദുർബല വിഭാഗങ്ങളിൽപ്പെട്ടവർക്ക് ഭൂമി വാങ്ങുന്നതിനായി നൽകി വന്നിരുന്ന ധനസഹായം 2.5 ലക്ഷത്തിൽ നിന്നും 3.75 ലക്ഷമായി വർദ്ധിപ്പിച്ചിട്ടുണ്ട്.

പ്രസക്തമായ 3 സാമ്പത്തിക വർഷങ്ങളിലെ ധനസഹായ നിരക്ക് ചുവടെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | 2011-12 | | 2013-14 | | 2014-15 | |
|---|---|---|---|---|---|---|
| | ഭൂമി | ധന സഹായം | ഭൂമി | ധന സഹായം | ഭൂമി | ധന സഹായം |
| പഞ്ചായത്ത് | 3 (സെന്റ്) | 1.50 (ലക്ഷം) | 3 (സെന്റ്) | 1.50 (ലക്ഷം) | 5 (സെന്റ്) | 3.75 (ലക്ഷം) |
| മുനിസിപ്പാലിറ്റി | 1.50 (സെന്റ്) | 1.75 (ലക്ഷം) | 1.50 (സെന്റ്) | 2.00 (ലക്ഷം) | 3 (സെന്റ്) | 4.50 (ലക്ഷം) |
| കോർപ്പറേഷൻ | 1.50 (സെന്റ്) | 2.00 (ലക്ഷം) | 1.50 (സെന്റ്) | 3 (ലക്ഷം) | 3 (സെന്റ്) | 6 (ലക്ഷം) |

സെക്ഷൻ ഓഫീസർ